കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ആഗസ്റ്റ് 12, വെള്ളി

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2005 ആഗസ്റ്റ് മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ചോദ്യം നമ്പർ 477

ചുമട്ടുതൊഴിലാളിക്ഷേമപദ്ധതിയിൽനിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

*1 [477] *ശ്രീ. എ. കെ. ബാലൻ:*

ഡോ. തോമസ് ഐസക്:

ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമപദ്ധതിയിൽ അംഗമാകുന്നതിന് നിലവിൽ സാങ്കേതികതടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തൊക്കെയാണ്;

(ബി) ഈ തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ,

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ അറ്റാച്ച്ഡ് വിഭാഗം, അൺ-അറ്റാച്ച്ഡ് വിഭാഗം, സ്കാറ്റേർഡ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങൾക്കുമായി പ്രത്യേകം പ്രത്യേകം ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്. 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടം 26(എ) പ്രകാരം കാർഡ് ലഭിച്ചിട്ടുള്ള അറ്റാച്ച്ഡ് വിഭാഗത്തിലും അൺ-അറ്റാച്ച്ഡ് വിഭാഗത്തിലുംപെട്ട ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമപദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് യാതൊരു സാങ്കേതികതടസ്സവുമില്ല. സ്കാറ്റേർഡ് വിഭാഗത്തിന്റെ കാര്യത്തിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് ചട്ടം 26(എ) അനുസരിച്ചുള്ള കാർഡ് ലഭിച്ച തൊഴിലാളികൾ, കാർഡ് ലഭിച്ച് മൂന്ന് മാസത്തിനകം അപേക്ഷിക്കണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ കാർഡ് ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് അപേക്ഷ സമർപ്പിക്കുന്നവർക്ക് പദ്ധതിയിൽ അംഗത്വം ലഭിക്കുവാൻ സാങ്കേതികതടസ്സമുണ്ട്.

(ബി) ഉണ്ട്. ചട്ടം 26(എ) അനുസരിച്ച് കാർഡ് ലഭിച്ചിട്ടുള്ള എല്ലാ ചുമട്ടുതൊഴിലാളികൾക്കും, സ്കാറ്റേർഡ് വിഭാഗം പദ്ധതി അനുശാസിക്കുന്ന നിയമങ്ങൾക്ക് വിധേയമായി, സമയപരിധിയില്ലാതെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുവാൻ ഉതകുന്ന വിധത്തിൽ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു.

(സി) ഉണ്ട്. 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിക്കുന്നുവെങ്കിൽ പ്രതിമാസം 250 രൂപ വീതം അവശതാ പെൻഷൻ നൽകുവാൻ വ്യവസ്ഥയുണ്ട്. ഇതിനുപുറമെ 10,000 രൂപ എക്സ്ഗ്രേഷ്യ ധനസഹായമായും നൽകുന്നു. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടംമൂലം അംഗവൈകല്യം സംഭവിച്ചാൽ 1923-ലെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ക്ഷേമബോർഡിൽനിന്ന് ലഭ്യമാണ്. ചികിൽസയ്ക്കായി പ്രതിവർഷം 7,000 രൂപയിൽ കവിയാത്ത തുക മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലും ദുരിതാശ്വാസ സഹായമായി 5400 രൂപയും നൽകുവാൻ വ്യവസ്ഥയുണ്ട്.

അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് ശാരീരികാവശതയ്ക്ക് പ്രതിവർഷം 300 രൂപയിൽ കവിയാതെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനും അർഹതയുണ്ട്. ഈ വിഭാഗത്തിൽ, ജോലിയിലിരിക്കെ അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ

LIBRARY ARCHIVES Kerala Legislative Assembly

ശാരീരികാവശത അനുഭവിക്കുന്നവർക്ക് 5,000 രൂപയോ അല്ലെങ്കിൽ 60 വയസ്സുവരെ പ്രതിമാസം 100 രൂപ പെൻഷനോ, ഏതാണ് രേഖാമൂലം ആവശ്യപ്പെടുന്നത് ആയത് നൽകുന്നതാണ്.

സ്കാറ്റേർഡ് വിഭാഗത്തിന് അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരികാവശത സംഭവിച്ചതായി ഒരു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്നപക്ഷം തുടർന്നുള്ള ജീവനത്തിനായി, അവർ അടയ്ക്കുന്ന അംശദായത്തിന്റെ അടിസ്ഥാനത്തിൽ 5,000 രൂപ മുതൽ 12,500 രൂപവരെയുള്ള ധനസഹായമോ 60 വയസ്സുവരെ 100 രൂപ മുതൽ 225 രൂപവരെയുള്ള പ്രതിമാസ പെൻഷനോ ലഭ്യമാണ്.

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ ചുമട്ടുമേഖലയിൽ അറ്റാച്ച്ഡ്, അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ് മേഖലയിൽ നാല് ലക്ഷത്തിൽപ്പരം തൊഴിലാളികൾ പണി ചെയ്യുകയാണ്. മൂന്ന് വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്കും നിലവിൽ ക്ഷേമപദ്ധതിയുണ്ട്. അതിൽ അവസാനമായി നമ്മൾ കൊണ്ടുവന്ന ക്ഷേമപദ്ധതി സ്കാറ്റേർഡ് വിഭാഗത്തിനായിരുന്നു. ഈ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ഇന്ന് ക്ഷേമപദ്ധതിയിൽ ചേരാൻ സാധിക്കാത്ത സ്ഥിതി വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ സൂചിപ്പിച്ചു, കാർഡ് ലഭിച്ച് മൂന്ന് മാസത്തിനകം അപേക്ഷിക്കണമെന്ന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്. അതിനാൽ കാർഡ് ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് അപേക്ഷ സമർപ്പിച്ചവർക്ക് ഈ പദ്ധതിയിൽ അംഗത്വം ലഭിക്കാൻ സാങ്കേതികതടസ്സമുണ്ട്. ഈ ഒറ്റ കാരണംകൊണ്ട് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. ഇക്കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് എല്ലാ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളെയും ക്ഷേമ പദ്ധതിയിൽപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് തീരുമാനം ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: 1999-ൽ ഈ പദ്ധതി നിലവിൽവന്നപ്പോൾ 26 (എ) അനുസരിച്ചുള്ള കാർഡ് കിട്ടി മൂന്ന് മാസത്തിനകം ഈ സ്കീമിൽ അംഗമായി രജിസ്റ്റർ ചെയ്യണം എന്നായിരുന്നു വ്യവസ്ഥ. അത് പിന്നീട് ആറ് മാസം, ആറ് മാസം നീട്ടി മൂന്ന് വർഷത്തിലേറെ അങ്ങനെ അവസരം കൊടുത്തു. പക്ഷേ, തൊഴിലാളികൾക്ക് എല്ലാവർക്കും അങ്ങനെ അംഗമാകാൻ കഴിഞ്ഞില്ല. അതൊരു പോരായ്മയാണ്. ഈ തൊഴിലാളികളെയെല്ലാം ഈ സ്കീമിൽപ്പെടുത്തേണ്ടതാണ് എന്നുള്ളതുകൊണ്ട് ഈ റൂൾ അമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഏതാനും ദിവസങ്ങൾക്കകം ഓർഡർ പുറത്തുവരും.

ശ്രീ. എ.കെ. ബാലൻ: 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ അറ്റാച്ച്ഡ്, അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നല്ല സംരക്ഷണമാണ് ലഭിച്ചത്. എന്നാൽ 2002-ൽ കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അങ്ങ് കൊണ്ടുവന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമം കേരളത്തിലെ ചുമട്ടുതൊഴിലാളികളെ വല്ലാത്ത രൂപത്തിൽ ആശങ്കയിൽപ്പെടുത്തിയിരിക്കുകയാണ്. അത് നടപ്പിലാക്കാൻ കഴിയില്ല എന്ന് അന്നുതന്നെ ഞങ്ങൾ പറഞ്ഞിരുന്നു. കേരളത്തിൽ നാല് ജില്ലകളിൽ ആറ് സ്ഥലങ്ങളിൽ മാത്രമാണ് നാമമാത്രമായി ബഹുമാനപ്പെട്ട അങ്ങ് കൊണ്ടുവന്ന ആ നിയമം നടപ്പിലാക്കാൻ കഴിഞ്ഞത്. ബാക്കിയുള്ള എല്ലാ സ്ഥലത്തും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 1978-ലെ നിയമമാണ് ഇത്. ഈ സാഹചര്യത്തിൽ അങ്ങ് കൊണ്ടുവന്ന 2002-ലെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം, അതായത് തൊഴിലാളികളെ ഭീഷണിപ്പെടുത്തുന്നവരും പിടിച്ചുപറിക്കാരുമായി ചിത്രീകരിക്കുന്ന ഈ നിയമം മാറ്റുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് പറഞ്ഞതിൽ കുറച്ച് തെറ്റിദ്ധാരണയുണ്ട്. 1978-ലെ നിയമംതന്നെയാണ് കൊമേഴ്സ്യൽ ആക്ടിവിറ്റീസിലും സാധാരണയായി ചെയ്യുന്ന ചുമട്ടുതൊഴിലിലും ബാധകമാക്കിയത്. 2002-ലെ നിയമത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കൊമേഴ്സ്യൽ ആക്ടിവിറ്റീസ് അല്ലാത്ത ഡൊമസ്റ്റിക് മേഖലയിലെ ചുമട്ടു പ്രവൃത്തികൾ, കയറ്റിറക്ക് പ്രവൃത്തികൾ എന്നിവ ക്രമീകരിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ നിയമം കൊണ്ടുവന്നത്. അത് കൊമേഴ്സ്യൽ ആക്ടിവിറ്റീസിൽ എവിടെയെങ്കിലും ഇൻട്രൊഡ്യൂസ് ചെയ്യണമെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ പെർമിഷൻ വേണം. പ്രത്യേക ചില സോണുകളിൽ മാത്രം, അതായത് അങ്ങ് പറഞ്ഞതുപോലെ കേരളത്തിൽ ഇതുവരെ ആറ് നോട്ടിഫൈഡ് മാർക്കറ്റുകളിൽ മാത്രം—എക്സ്പോർട്ട് സോൺ പോലെയുള്ള റെഗുലേറ്റഡ് മാർക്കറ്റിലും പച്ചക്കറി മാർക്കറ്റിലും നിലനിന്നിരുന്ന അമിതമായ കൂലിവ്യവസ്ഥ പ്രായോഗികമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുകൊണ്ട് അവിടെ ജോലിയെടുക്കുന്നവരെ സംബന്ധിച്ച് ഒരു ക്രമീകരണമുണ്ടാകണമെന്നുള്ളതുകൊണ്ടുമാത്രം മൂന്ന് നാല് സ്ഥലങ്ങളിൽ മാത്രമാണ് കൊമേഴ്സ്യൽ ആക്ടിവിറ്റീസിൽ ഈ നിയമം ഉൾക്കൊള്ളിക്കേണ്ടിവന്നിട്ടുള്ളത്. അത് പൊതുവിൽ ഡൊമസ്റ്റിക് മേഖലയിൽ—വീടുകളിൽ—അത്യാവശ്യം വീട്ടുസാധനങ്ങൾ ഇറക്കാം. സ്വന്തം വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ വീട്ടിൽനിന്ന് സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റുന്നതിനുമാണ്. അത് തൊഴിലാളികൾക്ക് ഒരു തരത്തിലും ദോഷം ചെയ്യുന്ന തരത്തിലല്ല. കൂലി നേരത്തെ നിശ്ചയിക്കും. കളക്ടർ ചെയർമാനായി തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റിയാണ് ഇതിൽ കൂലി നിശ്ചയിക്കുന്നത്. ഒരു കൂലി നിശ്ചയിച്ചാൽ ആ കൂലിയിൽ കൂടുതൽ ചോദിക്കാൻ പാടില്ല എന്നുള്ളത് മാത്രമാണ് ക്രമീകരിച്ചിരിക്കുന്നത്. അതിന് ഈ പറയുന്നകണക്കിലുള്ള ഒരു ദോഷവും ഉണ്ടെന്ന് തോന്നുന്നില്ല.

ഡോ. തോമസ് ഐസക്: അങ്ങ് ഇപ്പോൾ പറഞ്ഞത് 2002-ലെ നിയമം ഡൊമസ്റ്റിക് മേഖലയ്ക്കുമാത്രം ബാധകമാക്കി എന്നാണ്. ഇതിനകം ഏതെങ്കിലും കൊമേഴ്സ്യൽ സെക്ടറിൽ കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടോ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ഇപ്പോൾ ചാക്കയിലുള്ള എക്സ്പോർട്ട് സോൺ പോലെയുള്ള രണ്ടുമൂന്ന് സ്ഥലങ്ങളിൽ മാത്രമാണ് ഇതുവരെ ഇൻട്രൊഡ്യൂസ് ചെയ്തിട്ടുള്ളത്. വേറെ പലരും ഇങ്ങനെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വന്നിട്ടുണ്ട്. അതൊന്നും യാതൊരു കാരണവശാലും അംഗീകരിക്കാൻ പറ്റില്ല. കൊമേഴ്സ്യൽ ആക്ടിവിറ്റീസിൽ ഈ നിയമം നടപ്പിലാക്കുന്ന മേഖലയിൽനിന്ന് വ്യാപിപ്പിക്കുന്ന പ്രശ്നമില്ല എന്നുള്ള നിലപാടിലാണ്.

ഡോ. തോമസ് ഐസക്: ഒരു അസംഘടിത മേഖലയായതുകൊണ്ട് എത്ര ചുമട്ടുതൊഴിലാളികൾ കേരളത്തിലുണ്ട് എന്നുള്ളതിന് കൃത്യമായ കണക്കുണ്ടോ? പലരും പറയുന്നത് മൂന്ന് ലക്ഷത്തോളം തൊഴിലാളികളുണ്ടെന്നാണ്. അതിൽ 75,000-ൽ താഴെ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, സ്കാറ്റേർഡ് തൊഴിലാളികൾക്ക് ആക്ട് പ്രകാരം കാർഡ് കിട്ടുന്നില്ല. രണ്ടാമത്, ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ വേണ്ടത്ര ആകർഷകമല്ല. പെൻഷൻ ഇല്ല. അപ്പോൾ ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ? എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്?

ശ്രീ. ബാബു ദിവാകരൻ: കേരളത്തിൽ കൃത്യമായി എത്ര ചുമട്ടുതൊഴിലാളികൾ പണിയെടുക്കുന്നു എന്നതു സംബന്ധിച്ച് കൃത്യമായ കണക്കില്ല. ഉദ്ദേശം രണ്ട് ലക്ഷത്തോളം തൊഴിലാളികളുണ്ട്. 26 (എ) അനുസരിച്ച് കാർഡ് കൊടുക്കുന്ന തൊഴിലാളികളുടെ കൃത്യമായ കണക്കുണ്ട്. സ്കാറ്റേർഡ് വിഭാഗത്തിൽ ആകെ 51,827 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അറ്റാച്ച്ഡ് ആന്റ് അൺ അറ്റാച്ച്ഡ് വിഭാഗത്തിൽ 35,000-40,000 തൊഴിലാളികളുണ്ട്. അതിൽ അങ്ങ് പറഞ്ഞ സ്കാറ്റേർഡ് വിഭാഗത്തിന് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ചില പരിമിതികളുണ്ട്. അതിൽ 4,997 തൊഴിൽ ഉടമകളേ രജിസ്റ്റർ ചെയ്തിട്ടുള്ളു. അവരുടേയുംകൂടി വിഹിതം കണക്കിലെടുത്തുകൊണ്ടേ ഈ സ്കീമിൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയൂ. അതുകൊണ്ട് അറ്റാച്ച്ഡ് വിഭാഗത്തിനും അൺ അറ്റാച്ച്ഡ് വിഭാഗത്തിനും കാര്യമായ പ്രശ്നങ്ങൾ ഇതുസംബന്ധിച്ച് ഇല്ല. അവർക്ക് ഭവനവായ്പയും പെൻഷനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും അല്ലാതെയുമുള്ള വായ്പകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ സ്കാറ്റേർഡ് വിഭാഗത്തിന് ഈ പറഞ്ഞ പ്രശ്നമുണ്ട്. അത് പരിഹരിക്കുന്നതിന് ചില നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ആക്സിഡന്റ് പറ്റി മരിക്കുന്നവരുടെ കുടുംബത്തെയും പരിക്ക് പറ്റുന്നവരെയുമൊക്കെ സഹായിക്കുന്നതിന് ഒരു റിസ്ക് ഫണ്ട് എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് ശതമാനം വച്ച് അടയ്ക്കണം എന്നൊരു തീരുമാനം ഉണ്ടായിരുന്നു. ആ തീരുമാനം ഫലപ്രദമായി നടപ്പാക്കാത്തതിന്റെ ഫലമായി ആ നിലയിലുള്ള സഹായങ്ങൾ വേണ്ടത്ര റഭിക്കുന്നില്ല എന്നൊരു ആക്ഷേപം ഉണ്ട്. അതു സംബന്ധിച്ച് വിഹിതം അടയ്ക്കാത്ത മാനേജ്മെന്റിന് എതിരായി റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്ന് അന്നു ചേർന്ന ഒരു കോൺഫറൻസിൽ തീരുമാനിക്കുകയുമുണ്ടായി. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്രമാത്രം മുന്നോട്ടുപോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് പറഞ്ഞതുപോലെ രണ്ടു ശതമാനം റിസ്ക് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള തീരുമാനമനുസരിച്ച് അത് നടപ്പിലാക്കിവരികയാണ്. കൊല്ലം, പാലക്കാട്, തൃശ്ശൂർ തുടങ്ങിയ രണ്ടുമൂന്നു ജില്ലകളിൽ മാത്രമാണ് അതിന്റെ വിഹിതം അടയ്ക്കുന്നതിന് തൊഴിലുടമകൾ ചില തടസ്സവാദങ്ങളുന്നയിച്ച് അടയ്ക്കാതിരിക്കുന്നത്. ബാക്കി മിക്കവാറും 80 ശതമാനത്തോളം പ്രദേശങ്ങളിൽ 2 ശതമാനം വീതമുള്ള അടവ് വരുന്നുണ്ട്. അതിനവർ കോടതിയിൽ പോയി ചില തടസ്സവാദങ്ങൾ ഉന്നയിച്ച് അടയ്ക്കാതിരിക്കാനുള്ള ഉത്തരവിനൊക്കെ ശ്രമിച്ചു. പക്ഷേ, കോടതി അത് ഒരു പ്രത്യേക ഫണ്ടായി സ്വരൂപിക്കണമെന്നു പറഞ്ഞു. ഇപ്പോൾ 25 ശതമാനത്തോളം തുക തൊഴിലാളികളുടെ വിഹിതമായി തൊഴിലുടമകൾ അടയ്ക്കേണ്ടി വരുന്നു. അതിന്റെ കൂടെ രണ്ടു ശതമാനംകൂടി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞതിനുള്ള തടസ്സമാണ് പറഞ്ഞത്. പക്ഷേ, എങ്കിലും അവരുമായിട്ട് ചർച്ച ചെയ്ത് അത് നടപ്പിലാക്കാൻ വേണ്ടിയുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. റവന്യൂ റിക്കവറിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: എത്രപേർ പണിയെടുക്കുന്നു എന്നുള്ളതിന്റെ കണക്ക് നമ്മുടെ ഡിപ്പാർട്ടുമെന്റിന് തൊഴിൽമേഖലയിൽനിന്ന് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് പറയുന്നത് വളരെ ഗൗരവമായ പ്രശ്നംതന്നെയാണ്. എന്തായാലും 2 ലക്ഷം എന്ന് മന്ത്രിയും 3 ലക്ഷത്തിലധികമെന്ന് പൊതുവിൽ ട്രേഡ് യൂണിയനുകളും ഈ രംഗത്ത് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ ക്ഷേമനിധിയിൽ ബോർഡിൽ പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാരും മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്ന് വന്നിരിക്കുന്നവരാണ്. അതിന്റെ ഫലമായിത്തന്നെ ചെല്ലുന്ന അപേക്ഷകളിൽ സമയത്ത് തീരുമാനം എടുക്കാൻ കഴിയുന്നില്ല. അംഗങ്ങളാകാത്ത ഭൂരിപക്ഷം പേർ പുറത്തുകിടക്കുന്നവരുണ്ട്. അവരെ അംഗങ്ങളാക്കാൻ കഴിയാത്തതിന്റെ പ്രധാനപ്പെട്ട കാരണം പി.എസ്.സി. നിയമനം നടത്തി സ്ഥിരമായ ജീവനക്കാർ ഇല്ലാത്തതാണ് എന്നൊരാക്ഷേപം ട്രേഡ് യൂണിയനുകൾ ഇപ്പോൾ മുമ്പോട്ടുവച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് പറഞ്ഞതുപോലെ കൃത്യമായ കണക്ക് ഇല്ലായെന്നല്ല. അറ്റാച്ച്ഡ്, അൺഅറ്റാച്ച്ഡ് തൊഴിലാളികളുടെ കൃത്യമായ കണക്കുണ്ട്. സ്കാറ്റേർഡ് വിഭാഗത്തിൽ 26(എ) പ്രകാരം കാർഡുള്ള തൊഴിലാളികളുടെ കൃത്യമായ കണക്കുണ്ട്. അല്ലാത്തതും നാട്ടിൻപ്രദേശങ്ങളിലൊക്കെ ചുമട് എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

ജീവിക്കുന്നവരുമായ കുറച്ച് തൊഴിലാളികൾകൂടി വരും. അവരുടെ കൃത്യമായ കണക്കാണ് എടുത്തിട്ടില്ലായെന്ന് പറഞ്ഞത്. ഇവിടെ തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ കൊടുക്കാൻ സ്റ്റാഫിന്റെ അപര്യാപ്തത ഈ ബോർഡിന്റെ പ്രവർത്തനങ്ങളെ ഒരുതരത്തിലും ബാധിക്കുന്നില്ല. അവർ സ്ഥിരമായോ ഇല്ലെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആളുകളെ എടുക്കുന്നുണ്ട്. ഈ ബോർഡിൽ സ്ഥിരമായി ആദ്യം നിയമിച്ച കുറച്ച് ജീവനക്കാർ ഇപ്പോഴുമുണ്ട്. ബാക്കി പി.എസ്.സി. ക്ക് എഴുതിയിട്ടുണ്ട്. അതിന്റെ ഇന്റർവ്യൂ കഴിഞ്ഞ് ലിസ്റ്റ് ഉടനെ വരുമെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. പി.എസ്.സി. ലിസ്റ്റ് വന്നാൽ ഉടനെതന്നെ അതിന്റെ നിയമനം നടത്തുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: ബഹുമാനപ്പെട്ട മന്ത്രി ചുമട്ടുതൊഴിലാളികളുടെ കൂലിനിരക്കുകൾ 3 മാസത്തിനകം പുതുക്കി നിശ്ചയിച്ച് പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നു. അത് ഇതുവരെ നിശ്ചയിച്ചുകാണുന്നില്ല. അതിന്റെ നടപടി എത്രത്തോളമായി എന്ന് വിശദീകരിക്കാമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ക്ഷേമബോർഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള തൊഴിലാളികളുടെ കൂലി സംബന്ധിച്ച് കാലാകാലങ്ങളിൽ 3 വർഷത്തിലൊരിക്കൽ അതാത് ലോക്കൽ കമ്മിറ്റികൾതന്നെയാണ് പരസ്പരം ചർച്ച ചെയ്ത് നിശ്ചയിച്ച് അവിടെ പ്രഖ്യാപിക്കുന്നത്. അത് ബോർഡ് നോട്ടിഫൈ ചെയ്യും. അങ്ങ് പറഞ്ഞത് 2002-ലെ നിയമമനുസരിച്ചുള്ള കൂലിനിശ്ചയിക്കലിന്റെ കാര്യമാണെങ്കിൽ തൊഴിലാളിയൂണിയനുകൾ അതുമായി സഹകരിച്ചില്ല. ആ ആക്ടിൽ യൂണിയനുകൾ മുമ്പ് പറഞ്ഞ ഒബ്ജക്ഷൻ റെയിസ് ചെയ്തതിന്റെ ഫലമായി അത് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് പവേഴ്സ് ഉപയോഗിച്ചുകൊണ്ടുതന്നെ അതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് ജില്ലാ കളക്ടർമാർ ലോക്കൽ തലത്തിൽ തെളിവെടുത്തുകൊണ്ട് കൂലി നിശ്ചയിക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം അത് പൂർത്തിയാക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: ക്ഷേമനിധി ബോർഡിൽ പണം അടച്ചുകൊണ്ടിരുന്ന തൊഴിലാളികൾക്ക് രോഗം ബാധിച്ചിട്ട്, അല്ലെങ്കിൽ കുറച്ചു കാലത്തേക്ക് പണിക്കു പോകാൻ കഴിയാതെവരുമ്പോൾ അവർക്ക് കൃത്യമായി അടവ് നൽകാനാകുന്നില്ല. അങ്ങനെ അടവ് തെറ്റിയിട്ടുള്ള തൊഴിലാളികൾക്ക് ഒരു കാലപരിധി വച്ചിട്ട് 2 വർഷം അല്ലെങ്കിൽ ഒന്നര വർഷമായി കഴിഞ്ഞാൽ തിരിച്ച് അവർക്ക് വീണ്ടും പണമടയ്ക്കാൻ കഴിയുന്നില്ല. ശരിയായ കാരണങ്ങൾകൊണ്ട് പണമടയ്ക്കാതെ വന്നിട്ടുള്ള തൊഴിലാളികൾക്ക് ആ ഒരു ഇളവ് നൽകി ആ കാലത്തെ പണം അടച്ച് ക്ഷേമനിധി അംഗത്വം തുടരാൻ പറ്റുന്ന ഒരു നിലപാട് സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അറ്റാച്ച്ഡ്-അൺ അറ്റാച്ച്ഡ് വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ആ പ്രശ്നം വരുന്നില്ല. അവർക്ക് അതിനുള്ള ക്രമീകരണമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ശാരീരിക വൈകല്യംകൊണ്ടോ അല്ലെങ്കിൽ മറ്റ് അസുഖം കൊണ്ടോ ജോലിക്ക് ഹാജരാകാൻ സാധിക്കാതെവന്നാൽ അവർക്ക് ആ ദിവസത്തെ ബത്തയടക്കം നൽകാനുള്ള ക്രമീകരണമുണ്ട്. സ്കാറ്റേർഡ് വിഭാഗത്തിലുള്ള തൊഴിലാളികൾക്കാണ് ഈ പറഞ്ഞ പ്രശ്നങ്ങൾ ഉള്ളത്. അർഹതപ്പെട്ട തൊഴിലാളികൾക്ക് ഏതെങ്കിലും കാരണത്താൽ ആ വിഹിതം അടയ്ക്കാൻ സാധിക്കാതെവന്നാൽ അവർക്ക് അംഗത്വം നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകില്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ പ്രത്യേകമായി പരിഗണിച്ച് അത് കൊടുക്കാവുന്നതാണ്.

ശ്രീ. വർക്കല കഹാർ: ചുമട്ടുതൊഴിലാളി തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി നേരിടുന്ന 2 പ്രധാനപ്പെട്ട പ്രശ്നങ്ങൾ, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതിയുടെ പ്രിലിമിനറി നോട്ടിഫിക്കേഷൻ ഏകദേശമായി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ ഈ 2 പദ്ധതികളും നേരിടുന്ന ഏറ്റവും ഗുരുതരമായ കാര്യം ക്ഷേമപദ്ധതിയിൽ നിലവിലുള്ള പ്രദേശങ്ങളിൽത്തന്നെ ഈ പദ്ധതികളുമായി സഹകരിക്കാത്ത ചില ഉടമകൾ നൽകുന്ന കേസുകളിന്മേൽ ഏകപക്ഷീയമായി ഉണ്ടാകാവുന്ന കോടതിവിധികൾ തടയുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നിയമപരമായി ചില നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമതായി, ക്ഷേമപദ്ധതികളിലുള്ള തൊളിലാളികൾ വർക്ക് കാർഡിലൂടെ മാത്രമേ വേതനം പറ്റാവൂ എന്ന വ്യവസ്ഥ ലംഘിക്കപ്പെടുന്നതു കാരണം ക്ഷേമപദ്ധതിയെയും, തൊഴിലാളികളെയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതിന്റെ റെഗുലേഷൻ, തൊഴിൽ ക്രമീകരണം, എൻഫോഴ്സ്മെന്റ് കൃത്യമായി നടത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കാവുന്ന കാര്യം, മൂന്നാമതായി 3 സ്കീമുകളിൽ അറ്റാച്ച്ഡ് സ്കീം എന്നു പറയുന്നത് ആകർഷക മല്ലാത്തതുകാരണം അതിൽ തൊഴിലാളികൾ ചേരാത്ത സ്ഥിതിവിശേഷ മാണുള്ളത്. ഇത് പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ബോർഡിന്റെ മുൻചെയർമാനെന്ന നിലയിൽ ആധികാരികമായി കാര്യങ്ങൾ അറിയാവുന്ന ഒരാളാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതു പോലെ അംഗങ്ങളാകുന്നതിനുള്ള തടസ്സങ്ങൾ, അത് തീർച്ചയായിട്ടും നീക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. പിന്നെ കേസുകൾ ഇപ്പോൾ വരുന്നത്; പുതിയ നിയമം വന്നതിനുശേഷവും പഴയ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രൊട്ടക്ഷൻ വേണമെന്നു പറഞ്ഞ് തൊഴിലുടമകൾ കോടതിയിൽ കേസുകൾ കൊടുക്കാറുണ്ട്. പക്ഷേ, അവർ ബോർഡിനെ കക്ഷിയാക്കാറില്ല. പലപ്പോഴും പിടിവന്ന ശേഷമാണ് ബോർഡ് ഇക്കാര്യം അറിയുന്നത്. പിന്നെ ബോർഡ് അതിനകത്ത് ഡിഫെന്റ് ചെയ്തുവരുമ്പോഴത്തേക്കും ചെറിയൊരു ഇടവേള ഈ വിധി നിലനിൽക്കുന്ന ഒരു സാഹചര്യം ഉണ്ട്. അതൊഴിവാക്കുന്നതിന് ഗവൺമെന്റ് പ്ലീഡർമാരോട് ഇങ്ങനെയുള്ള കേസുകളിൽ ബോർഡിന്റെ സ്റ്റാന്റിംഗ് കൗൺസിലിനെക്കൂടി കക്ഷിയാക്കാനും

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അവരുടെ നിർദ്ദേശംകൂടി സ്വീകരിച്ചുകൊണ്ട് ഈ കേസുകൾ ഡിഫെന്റ് ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്. അറ്റാച്ച്ഡ് വിഭാഗത്തിന്റെ ക്ഷേമപദ്ധതികൾ കൂടുതൽ ആകർഷകമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ 26(എ) ചട്ടപ്രകാരമുള്ള രജിസ്ട്രേഷന്റെ കാര്യം പറഞ്ഞു. എ.എൽ.ഒ.മാർ രജിസ്ട്രേഷന്റെ കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്ന ആക്ഷേപം നേരത്തെ വന്നതാണ്. ഇവിടെ ഞാൻ ചോദിക്കാനുദ്ദേശിക്കുന്നത് തൊഴിൽ ഉടമകളുടെ രജിസ്ട്രേഷന്റെ പ്രശ്നമാണ്. 4997 ആളുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളു എന്ന് പറഞ്ഞു. അതിൽ ലേബർ റവന്യൂ എടുത്തിട്ടുള്ള നടപടി ഈ തൊഴിലുടമകളെ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി എ.എൽ.ഒ.മാർ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. ഷോപ്പുകളെ സംബന്ധിച്ചിടത്തോളം അവർ ആരെല്ലാമാണ് ചുമട്ടുതൊഴിലാളികളെ വയ്ക്കുന്നത് എന്ന പ്രശ്നം സംബന്ധിച്ച് പരിശോധന നടത്തിവരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. എല്ലാ ഷോപ്പുകളിലും തൊഴിലാളികളെ ആവശ്യം വരുന്നില്ല. അങ്ങനെ കൃത്യമായി തൊഴിലുടമകളെ രജിസ്റ്റർ ചെയ്താൽ മാത്രമേ അവർ 2 സ്ലാബായിട്ട് കൊടുക്കാനുള്ള വിഹിതം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ ഉടമകളെ രജിസ്റ്റർ ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതുപോലെ ടിംബർ മേഖലയിൽ ഉടമകളെ നിശ്ചയിക്കുന്നതിന് പ്രായോഗികമായി ചില പ്രശ്നങ്ങൾ ഉണ്ട്. ആ മേഖലയിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉള്ളത്. അപ്പോൾ 70% തൊഴിലാളികൾ സ്കാറ്റേർഡ് മേഖലയിലാണുള്ളത്. പ്രത്യേകിച്ച് ടിംബർ മേഖലയിൽ തൊഴിലാളികൾ ഉണ്ട്. അതിലെ തൊഴിലുടമകളെ കണ്ടെത്തുന്നതിനുള്ള പ്രായോഗികമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ബാബു ദിവാകരൻ: സ്കാറ്റേർഡ് വിഭാഗത്തിലെ തൊഴിലുടമകളെ രജിസ്റ്റർ ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണ്. തൊഴിലുടമകളിൽനിന്നും വാങ്ങുന്ന വിഹിതം താരതമ്യേന വളരെ കുറവാണ്. ഒരുവർഷത്തേക്ക് 30 രൂപ, 6 രൂപ എന്നിങ്ങനെയാണ്. ചുമട്ടുതൊഴിലാളികളെ ആവശ്യമില്ലാത്തവരിൽനിന്നും 10 രൂപയാണ് രജിസ്ട്രേഷൻ ഫീസായി വാങ്ങുന്നത്. അത് കൂടുതൽ സുഗമമാക്കി കയറ്റിറക്കു തൊഴിലാളികളെ ഉപയോഗിക്കുന്ന തൊഴിലുടമകളെ കൂടുതൽ രജിസ്റ്റർ ചെയ്ത് ആ പദ്ധതി കൂടുതൽ ആകർഷകമാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: സ്കാറ്റേർഡ് തൊഴിലാളികൾ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ആ നിവേദനങ്ങൾ നടപടി സ്വീകരിക്കുവാനായി താഴേക്ക് അയച്ചുവെന്നല്ലാതെ നടപടികൾ സ്വീകരിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: സ്കാറ്റേർഡ് വിഭാഗത്തിന്റെ എണ്ണം വളരെ കൂടുതലാണ്. അതിൽനിന്ന് വരുന്ന വരുമാനം വളരെ പരിമിതമാണ്. രണ്ടുംകൂടി താരത്യപ്പെടുത്താൻ ബുദ്ധിമുട്ടാണ്. Attached, unattached തൊഴിലാളികൾ അടയ്ക്കുന്ന വിഹിതം അല്ലെങ്കിൽ അവരുടെ തൊഴിലുടമകൾ അടയ്ക്കുന്ന വിഹിതംകൂടി എടുത്ത് സ്കാറ്റേർഡ് തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ടിവരുന്നത് മറ്റുള്ളവരെ ദോഷകരമായി ബാധിക്കുന്നതാണ്. സാധാരണഗതിയിൽ അവർ അതിന് അനുവദിക്കുകയില്ല, objection raise ചെയ്യാറുണ്ട്. അതുപോലെ സ്കാറ്റേർഡ് വിഭാഗത്തിന് കുറേക്കൂടി വിപുലമായ സൗകര്യങ്ങൾ വേണ്ടിവരും. ഗവൺമെന്റ് കോൺട്രിബ്യൂഷൻ വേണ്ടിവരും. അങ്ങനെയുള്ള കാര്യങ്ങൾ ആലോചിക്കേണ്ടതായിട്ടുണ്ട്. വരുമാനവും ചെലവും താരതമ്യപ്പെടുത്താനുള്ള, അല്ലെങ്കിൽ അതു രണ്ടും ഒന്നിച്ചുകൊണ്ടുപോകാനുള്ള പ്രയാസങ്ങളാണ് അതിലുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: എനിക്ക് ചോദിക്കാനുള്ള ചോദ്യം കേൾക്കുമ്പോൾ കാളവണ്ടി യുഗത്തിലുള്ളവരാണെന്ന് പറയും. കമ്പ്യൂട്ടർ വന്നപ്പോഴും ട്രാക്ടർ വന്നപ്പോഴും എതിർത്തവരാണെന്ന് ആക്ഷേപം ഉന്നയിക്കും. 2002-ലെ നിയമം പാസ്സായതിനുശേഷം കേരളത്തിൽ വ്യാപകമായി ചുമട്ടുതൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന സ്ഥലങ്ങളിലെല്ലാം ചുമട്ടുതൊഴിലാളികൾ ചെയ്തിരുന്ന ജോലികളെല്ലാം ടിപ്പർ ലോറികൾ, വലിയ യന്ത്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾ തുടങ്ങിയവ ചെയ്തുകൊണ്ടിരിക്കുകയാണ്. പെറക്കോടതിയിൽനിന്ന് അവർക്ക് അനുകൂലമായ വിധി ലഭിക്കുന്നുണ്ട്. പാവപ്പെട്ട തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ ബാധ്യസ്ഥനായ മന്ത്രി എന്ന നിലയിൽ ഞാൻ അങ്ങയോട് ചോദിക്കുകയാണ്, ട്രേഡ് യൂണിയനുകളുടെ തൊഴിൽ അവകാശത്തിനുവേണ്ടിയുള്ള, കൂലി ലഭിക്കാൻവേണ്ടിയുള്ള സമരങ്ങളോടുള്ള നിലപാടെന്താണ്? അവരുടെ തൊഴിൽ സംരക്ഷിക്കാൻ ഈ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് പറഞ്ഞത് പ്രധാനപ്പെട്ട പ്രശ്നമാണ്. അതിന് രണ്ടു വശങ്ങളുണ്ട്. സാധാരണഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന കയറ്റിറക്കു തൊഴിലുകളിൽ ഈ സ്കീം നടപ്പാക്കിയ മേഖലകളിൽ ഇതിനൊക്കെ ക്രമീകരണങ്ങളുണ്ട്. ജോലി കുറയുന്നതോ നഷ്ടപ്പെടുന്നതോ ആയ സാഹചര്യങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ തരത്തിലുള്ള നടപടികൾക്ക് ഡിപ്പാർട്ടുമെന്റ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതാണ്. ടിപ്പർ ലോറികൾ ഇന്ന് തൃശ്ശൂർ മേഖലയിലാണ് കൂടുതലായി കാണാൻ കഴിയുന്നത്. ടിപ്പർ ലോറി വന്നതിനുശേഷം ഇറക്കുന്ന ജോലി പ്രത്യേകിച്ച് വളരെ കൂടുതലുള്ള സാധനങ്ങൾ ഡമ്പുചെയ്യുന്നതായതുകൊണ്ട് ആ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ കുറയുന്നതായി കാണുന്നുണ്ട്. അതിനുവേണ്ടി രണ്ടുമൂന്നുതവണ യോഗം ചേർന്നു. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്കുള്ള കോമ്പൻസേഷൻ സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അവിടെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ പ്രാദേശികമായ പ്രത്യേകത കണക്കിലെടുത്ത് ചെയ്തതാണ്. അതിനെയാതൊരു കാരണവശാലും പൂർണ്ണമായി എതിർക്കാൻ കഴിയില്ല. മെക്കനൈസേഷൻ വരുന്ന മേഖലകളിൽ മെക്കനൈസേഷൻ പാടില്ല എന്നു പറയാൻ പറ്റില്ല. കഠിനമായ ജോലികൾ ചെയ്യാനും ഹെവി മെഷിനറികളും മറ്റും ഇറക്കുന്നതും തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കണം എന്ന് നിർബന്ധിക്കാൻ കഴിയില്ല. മറ്റൊരു വശംകൂടിയുണ്ട്. കഠിനമായ ജോലികൾ തൊഴിലാളികൾതന്നെ ചെയ്യണമെന്ന് തൊഴിലാളികളുടെ പ്രയാസങ്ങൾ കണക്കിലെടുക്കാതെ നിർബന്ധിക്കാനും കഴിയില്ല. ഇതിനെക്കുറിച്ച് ചർച്ച ചെയ്ത് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ജോലി സംബന്ധിച്ചും, കൂലി സംബന്ധിച്ചും എന്ത് ക്രമീകരണങ്ങൾ ഉണ്ടാക്കാം എന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോസഫ്: സാമൂഹ്യവിരുദ്ധരായി കണ്ടിരുന്ന തൊഴിലാളികളുടെ തൊഴിലിന് മാന്യത ഉണ്ടാക്കണമെന്ന് .....
(ബഹളം) .....

മി. സ്പീക്കർ: Please ..... എല്ലാവരും എഴുന്നേറ്റുനിന്നിട്ട് കാര്യമില്ല.

ശ്രീ. കെ. സി. ജോസഫ്: ആ മേഖലയിൽ തൊഴിലിന് സംരക്ഷണം ഉണ്ടാക്കാൻ, സേവനമേഖലയിലെ വ്യവസ്ഥകൾ ലഘൂകരിക്കാൻ, അവർക്ക് അംഗീകാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ആ മേഖലയിൽ തൊഴിലാളിസംഘടനകളുടെ മേധാവിത്വമാണ്. ഞങ്ങളുടെ മേഖലയിലുള്ള പഞ്ചായത്തിൽ അംഗീകാരമുള്ള തൊഴിലാളികൾ 20 പേരാണുള്ളത്. അവിടെ എല്ലാ വാർഡിലും പണിയുണ്ട്. സ്ളോട്ടർ ടാപ്പിംഗ് നടക്കുന്നുണ്ട്, മരം വെട്ടുന്നുണ്ട്, എല്ലാ വാർഡിലും പണിയുണ്ട്. ആ മേഖലയിലേക്ക് പുതിയ ജോലിക്കാരെ കടന്നുവരാൻ സമ്മതിക്കാതെ, ചെയ്യാത്ത ജോലിക്കുപോലും തൊഴിലാളികൾ ശമ്പളം വാങ്ങുന്ന വ്യവസ്ഥ പല മേഖലയിലുമുണ്ട്. അതുകൂടി നിയമവിരുദ്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: തൊഴിലാളികളെ അങ്ങനെ ചിത്രീകരിക്കുന്നത് പ്രശ്നമാണ്. നമുക്കെല്ലാവർക്കും പ്രശ്നമാണ്. തൊഴിലാളികളുടെ കുത്തക മറ്റാരുടേതുമല്ല. INTUC തൊഴിലാളികളും ഈ മേഖലയിൽ ഉണ്ട്. അതുകൊണ്ട് ഏതെങ്കിലും വിഭാഗത്തിൽ മാത്രമുള്ളതല്ല. അവർക്ക് അന്തസ്സായി സമൂഹത്തിൽ ജീവിക്കാനും ജോലിയെടുക്കാനും കൂലിവാങ്ങാനുംതന്നെയാണ് ഈ നിയമം നടപ്പിലാക്കിയത്. ഈ നിയമം നടപ്പാക്കിയതിനുശേഷം അതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. ഈ തൊഴിലാളികളുടെ ജീവിതനിലവാരം വേറൊരു മേഖലയിലും ഇത്ര ഉയർന്നിട്ടില്ല എന്നാണ് ആ പഠനത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടത്. ചുമട്ടുതൊഴിലാളികളുടെ ജീവിതനിലവാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് പോയിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കിയാൽ തൊഴിലാളികൾക്ക് മറ്റേതു മേഖലയിൽ പണിയെടുക്കുന്നതിനെക്കാളും അന്തസ്സായി പണിയെടുക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു മേഖലയാണ്. അതിനെ ആരും ഇപ്പറഞ്ഞതുപോലെ ചിത്രീകരിക്കുന്നില്ല. ദയവായി അങ്ങനെ കാണരുത്. ഈ മേഖലയിൽ ചില പ്രശ്നങ്ങൾ ഉണ്ടായി. അത് ക്രമീകരിക്കാൻ വേണ്ടിയാണ് ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചത്. പദ്ധതി നടപ്പാക്കിയ പ്രദേശങ്ങളിൽ കൂടുതൽ തൊഴിലാളികൾക്ക് കടന്നുവരാൻ കഴിയുന്നില്ല. കൂടുതൽ തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, ചാല പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കി, 20 വർഷം മുൻപ് 100 തൊഴിലാളികളാണ് ജോലി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ തൊഴിൽ വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, ഈ നൂറു തൊഴിലാളികളല്ലാതെ ഒരാളുകൂടി കൂടുതലായി വരാൻ ഈ ക്രമീകരണത്തിന്റെ ഭാഗമായി കഴിയുന്നില്ല. വളരെ ഗൗരവമായി ആലോചിക്കേണ്ട പ്രശ്നമാണ്. കൂടുതൽ തൊഴിലാളികൾക്ക് മാന്യമായി ഈ രംഗത്ത് ജോലിയെടുക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുന്നതിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് സീരിയസായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: 2002-ലെ നിയമം പാസ്സായതിനുശേഷം നമ്മുടെ സംസ്ഥാനത്ത് പുതിയ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് ജോലി നൽകാതിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബില്ലിലെ പഴുതുപയോഗിച്ച് ആ മാനേജുമെന്റുകൾ കോടതിയിൽനിന്ന് സ്റ്റേ വാങ്ങുന്നു, കോടതി അവർക്ക് സംരക്ഷണം നൽകുന്നു. മുഖ്യമന്ത്രിയും അങ്ങും വിളിച്ചുചേർത്ത കോൺഫറൻസിൽ നിരവധി സംഭവങ്ങൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. കൊല്ലത്തെ ഹിന്ദുസ്ഥാൻ ലിവർ ഉൽപ്പന്നങ്ങൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്ന ഒരു വലിയ സ്ഥാപനം ചാത്തന്നൂർ നിയോജകമണ്ഡലത്തിലാണ്. ആ സ്ഥാപനത്തിൽ തൊഴിൽ എടുക്കുന്നത് പഞ്ചാബികളും തമിഴ്നാട്ടിൽനിന്നുള്ളവരുമാണ്. അവിടെ അൺ അറ്റാച്ച്ഡ് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നില്ല. അവർ ലേബർ ഡിപ്പാർട്ടുമെന്റിന് പരാതി കൊടുത്തു. ലേബർ ഡിപ്പാർട്ടുമെന്റ് അവർക്ക് തൊഴിൽസൗകര്യം കൊടുക്കണമെന്ന് നിർദ്ദേശിച്ച് പല ഉത്തരവുകൾ ഇറക്കി. പക്ഷേ, മാനേജുമെന്റ് കൊടുത്തില്ല. കോടതിയിൽ നിന്നും ഈ ബില്ലിലെ പഴുതുപയോഗിച്ച് സംരക്ഷണം നേടി തമിഴ്നാട്ടിൽനിന്നുള്ള തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നു. അതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഇവിടെ പറഞ്ഞപോലെ ഈ നിയമത്തിന്റെ വ്യാഖ്യാനമുപയോഗിച്ച് കോടതിയുടെ പ്രൊട്ടക്ഷൻ നേടാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിൽ ഒട്ടാകെ മൂന്നു സ്ഥലങ്ങളിലാണ് പ്രശ്നം. അതിൽ ഒന്ന് കൊട്ടിയത്തെ പ്രശ്നമാണ്. ലേബർ ഡിപ്പാർട്ടുമെന്റ് അതിൽ ഗൗരവമായി ഇടപെട്ടു. കോടതിയിൽ ആ കേസിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ഹാജരായി ആ വിധി മാറ്റാൻ നടപടി സ്വീകരിക്കും. ഇനി അങ്ങനെയൊരു വിധി ഉണ്ടാകാതിരിക്കാനും നടപടി സ്വീകരിക്കും. കോടതി തെറ്റായ interpretation നടത്തിയാണ് അങ്ങനെ വിധിച്ചത്. അങ്ങനെ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* ഈ ബില്ലിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് അങ്ങ് വിവരിച്ചു. ആ ബിൽ വായിച്ചുനോക്കുമ്പോൾ തൊഴിലാളികളെ അതിൽ പിടിച്ചുപറിക്കാരായി ചിത്രീകരിച്ചിട്ട് അതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ആശ്വാസകരമായ ബിൽ എന്നൊക്കെയാണ് ഉള്ളത്. അതിനെ സ്വാഭാവികമായി ചില ആളുകൾ ചുമട്ടുതൊഴിലാളികളെ സാമൂഹ്യവിരുദ്ധരായി കാണുന്നു എന്നു പറയുന്നത് ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? ഗവൺമെന്റിന് അതു സംബന്ധിച്ച് അഭിപ്രായമെന്താണ്?

ശ്രീ. ബാബു ദിവാകരൻ: ഗവൺമെന്റിനെ സംബന്ധിച്ച് ചുമട്ടുതൊഴിലാളികളെ ഒരിക്കലും സാമൂഹ്യവിരുദ്ധരായി കാണുന്നില്ല. അവർ ഈ വിഭാഗത്തിൽ ഏറ്റവും കഠിനമായ ജോലി എടുക്കുന്നവരാണ്. അന്നന്നത്തെ ജീവിതം കഴിക്കുന്നതിനുവേണ്ടി തൊഴിലെടുക്കുന്ന അന്തസ്സുള്ള തൊഴിലാളികളായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്, ഒരു സംശയവും വേണ്ട.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇവിടെ ചോദ്യം ചോദിച്ച പലരും സൂചിപ്പിച്ചത്, 2002-ലെ ചുമട്ടുതൊഴിലാളി നിയമമാണ് വലിയ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിനു സമാനമായി രണ്ട് ഓർഡിനൻസുകൾ വന്നു. 2002-ലെ നിയമത്തെക്കാൾ വിരുദ്ധമായ രണ്ട് ഓർഡിനൻസുകൾ ഇറങ്ങിയിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സംസ്ഥാനത്ത് Buildings and other Construction Workers Welfare Fund Board-ൽ ധാരാളം അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടപ്പുണ്ട്. ഇതുമൂലം തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പല ഓഫീസുകളിലും ഇതു സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. ഇതെല്ലാം പെട്ടെന്ന് തീർക്കുന്നതിനുവേണ്ടി അദാലത്തുകളോ മറ്റു സംവിധാനങ്ങളോ ചെയ്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഇറക്കിയ ഓർഡിനൻസിന്റെ രൂപമാണ് ബിൽ ആയിട്ട് കൊണ്ടുവന്നത്. അതിൽ ഒരു മാറ്റവും വരുത്തിയില്ല. അക്കാര്യത്തിൽ ഞാൻ തർക്കത്തിനില്ല. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഈ മേഖലയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ റെഗുലേറ്റ് ചെയ്യാം. തൊഴിലാളികൾക്ക് അന്തസ്സായി ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കാനാണ് ചെയ്യുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ അത് തീർക്കുന്നതിനുള്ള സത്വരമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എ. സി. മൊയ്തീൻ: സ്കാറ്റേർഡ് വിഭാഗത്തിലെ ക്ഷേമനിധിയിൽ അംശദായം അടയ്ക്കാൻ ഇപ്പോഴുള്ള നിബന്ധനകൾ, മാസംതോറും ബാങ്കിൽ പോയി

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായി ചലാൻ അടയ്ക്കാൻ തൊഴിലാളികൾക്ക് കഴിയാത്തതുകൊണ്ട് കുടിശ്ശിക വരുന്നുണ്ട്. മാസംതോറും അടയ്ക്കാനുള്ള വ്യവസ്ഥ നിലനിൽക്കുന്നതോടൊപ്പം തൊഴിലാളികളുടെ സമ്മതപ്രകാരം അർദ്ധവാർഷികമായോ വാർഷികമായോ ക്ഷേമനിധിയിലേക്ക് സംഖ്യ അടയ്ക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുമോ; അതോടൊപ്പം വിവിധ സ്ലാബുകളിൽ അംശദായം അടയ്ക്കുന്നവർക്കും ഒരേ സംഖ്യയാണ്. വിവിധ സ്ലാബുകളിൽ പണമടയ്ക്കുന്നവർക്ക് പണത്തിന് വിധേയമായി മരണാനന്തര സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ രണ്ടാമത് പറഞ്ഞ കാര്യത്തിൽ, അംശദായം അടയ്ക്കുന്നതിന്റെ പ്രൊപ്പോർഷനേറ്റായിത്തന്നെ മരണാനന്തര സഹായത്തിനുള്ള ക്രമീകരണം വരുത്തുന്നതാണ്. അത് ബോർഡിനുതന്നെ തീരുമാനിക്കാവുന്ന കാര്യമാണ്. മാസംതോറും അടയ്ക്കുന്നതിനെ സംബന്ധിച്ച്, അല്ലെങ്കിൽ അർദ്ധവാർഷികമായി അടയ്ക്കുന്നതിനെ സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ബോർഡുമായി ആലോചിച്ച് അതു നടപ്പാക്കാൻ ശ്രമിക്കാം.

ശ്രീ. പി. ടി. തോമസ്: അങ്ങയുടെ ചോദ്യത്തിലുള്ള (സി)യുടെ ഉത്തരമെന്ന നിലയിലാണ് എന്റെ ചോദ്യം. എന്റെ നിയോജകമണ്ഡലത്തിൽ സാജൻ മാത്യു എന്നയാൾ (ചുമട്ടുതൊഴിലാളിയല്ല) അവിടത്തെ ലൂണാർ റബ്ബേഴ്സ് എന്ന ഫാക്ടറിയിൽ ജോലി ചെയ്തുകൊണ്ടിരിക്കെ കൈ മുറിഞ്ഞുപോയി. പത്തു വർഷം സർവ്വീസുള്ള ഒരു തൊഴിലാളിയാണ്. പക്ഷേ, 1995 ജനുവരി 11-നാണ് അപകടമുണ്ടാകുന്നത്. 1995 ജനുവരി 4-ാം തീയതി ഇ.എസ്.ഐ.യിൽ പെട്ടെന്ന് കൃത്രിമമായി രജിസ്ട്രേഷൻ നടത്തി അദ്ദേഹത്തിന് ഒരാനുകൂല്യവും കൊടുക്കാതെ ഇന്ന് വഴിയാധാരമായിരിക്കുകയാണ്. അദ്ദേഹത്തെ ഭീഷണിപ്പെടുത്തിത്തന്നെ സത്യവാങ്മൂലം ഒപ്പിട്ടു വാങ്ങി. അദ്ദേഹത്തിന്റെ കയ്യിൽനിന്നുതന്നെ സംഭവിച്ച അപകടമാണെന്നമട്ടിൽ എഴുതിവാങ്ങിച്ചു. ഇത് ഗുരുതരമായ ക്രമക്കേടാണ്. അദ്ദേഹം ഒരു ചെറുപ്പക്കാരനാണ്. പ്രീ-ഡിഗ്രിവരെ പഠിച്ച ആളാണ്. മാനുഷികമായി പരിഗണന നൽകേണ്ട ഒരു കാര്യമാണ്. ഇതിനെ സംബന്ധിച്ച് സമഗ്രമായൊരു എൻക്വയറി നടത്തുമോ; 11-ാം തീയതി നടന്ന അപകടത്തിന് നാലു ദിവസം പുറകോട്ട് മാറ്റി 10 വർഷം സർവ്വീസുള്ള തൊഴിലാളിക്ക് രജിസ്ട്രേഷൻ നടത്തിയതിനെ സംബന്ധിച്ച് അന്വേഷണം നടത്തി ബന്ധപ്പെട്ടവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: ഇതൊരു പ്രത്യേക കേസ് എന്ന നിലയിൽ എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. തീർച്ചയായിട്ടും അങ്ങ് ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഈ കേസ് ന്യായമായി പരിശോധിച്ച് നിയമപരമായി തൊഴിലാളിക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ക്ഷേമനിധി എന്ന നിലയിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇൻഡസ്ട്രിയൽ വർക്കേഴ്സിന്, വർക്കേഴ്സ് എഡ്യൂക്കേഷൻ സെന്റർ കൊടുത്തതുപോലുള്ള പരിശീലനമൊക്കെ ഉണ്ടായിരുന്നു. ചുമട്ടു തൊഴിലാളികൾക്ക് അത്തരത്തിലുള്ള പരിശീലനം നൽകി നിയമത്തെക്കുറിച്ച് അറിയാൻ, അവരുടെ കുടുംബത്തെക്കുറിച്ച് പഠിക്കാൻ, ഈ പ്രവർത്തനത്തിൽ കുറേക്കൂടി സാമൂഹ്യമായി ശ്രമം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലാളികളുടെ ഇത്തരത്തിലുള്ള കാര്യങ്ങൾകൂടി ഇതിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതാണ്. ഹെൽത്ത് ക്യാമ്പുകൾ, വാർഷിക കലോൽസവങ്ങൾ, കായികമൽസരങ്ങൾ എന്നിവ നടത്തുന്നുണ്ട്. ഇതുപോലുള്ള നിയമത്തെക്കുറിച്ചുള്ള ചർച്ചകളിലും സെമിനാറുകളിലുമൊക്കെ തൊഴിലാളികളെയും തൊഴിലാളി പ്രതിനിധികളെയും പങ്കെടുപ്പിക്കുന്നുണ്ട്. അങ്ങ് വച്ച ഈ നിർദ്ദേശം ബോർഡിനോട് പറഞ്ഞ് തൊഴിലാളികൾക്ക് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: ചുമട്ടുതൊഴിലാളികളിൽ ഏറ്റവും വലിയ വിഭാഗം അസംഘടിതരെന്നു പറയുന്ന വിഭാഗമാണ്. അങ്ങ് മറുപടിയിൽ പറഞ്ഞു, 50,000 പേർ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്, ബാക്കി രണ്ടു ലക്ഷത്തോളം പേരുണ്ടെന്ന്. അത്തരം ആളുകൾക്ക് രജിസ്ട്രേഷൻ കൊടുക്കുന്നതും കാർഡുകൾ കൊടുക്കുന്നതും സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി എറണാകുളത്ത് സിറ്റിംഗ് നടത്തിയപ്പോൾ വ്യാപകമായ പരാതികൾ കമ്മിറ്റിക്കു മുമ്പിൽ വന്നതാണ്. അതുകൊണ്ട് അത്തരം വിഭാഗക്കാർക്ക് പൂർണ്ണമായി കാർഡ് കൊടുക്കുന്നതിനും അവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുംഅങ്ങ് പറഞ്ഞതുപോലെ ഗവണ്മെന്റ് കോൺട്രിബ്യൂഷനുപുറമേ അസംഘടിത വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ ഉപയോഗപ്പെടുത്തുന്ന തൊഴിലുടമകളുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ ആനുകൂല്യങ്ങൾ അവർക്ക് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സ്കാറ്റേർഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് കാർഡുകൾ കൊടുക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരാറുണ്ട്. കാലാകാലങ്ങളിൽ ഇടപെട്ട് പരാതികൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ഈ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതും പരിഹരിക്കാവുന്നതേയുള്ളു. സ്കാറ്റേർഡ് വിഭാഗത്തിനു കൂടുതൽ ക്ഷേമ ആനുകൂല്യങ്ങൾ കൊടുക്കണമെങ്കിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ സ്കാറ്റേർഡ് വിഭാഗം തൊഴിലുടമകൾ കൂടുതൽ രജിസ്റ്റർ ചെയ്യണം. ഇപ്പോൾ അവരും സംഘടിതരാണ്. അസംഘടിതമേഖലയിലുള്ളവരാണെങ്കിലും തൊഴിലുടമകൾ സംഘടിതരാണ്. അവരുടെ ഭാഗത്തുനിന്നും ശക്തമായ ചെറുത്തുനിൽപ്പുണ്ട്. അതിനെ അതിജീവിച്ചുകൊണ്ട് കൂടുതൽ ആളുകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

GPM. 2/611/2012—4

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ജോലിക്കിടയിൽ അപകടം സംഭവിക്കുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്താൽ Workmen's Compensation Act പ്രകാരം ആനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ട്. ക്ഷേമനിധി ബോർഡാണ് അത് നൽകുന്നത്. പക്ഷേ, അത് വളരെ പരിമിതമാണ്. 7,000 രൂപയാണ് പരമാവധി കിട്ടുന്നത്. എന്നാൽ അംഗവൈകല്യം സംഭവിക്കുകയോ അല്ലെങ്കിൽ ജോലിപോലും നിർവ്വഹിക്കാൻ കഴിയാത്തവിധത്തിൽ മാരകമായ അപകടമോ ഉണ്ടായാൽ ഈ ഉടമയ്ക്കുകൂടെ അതിനകത്ത് ബാധ്യത വരുത്തുന്ന വിധത്തിൽ ഒരു ഭേദഗതി വരുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ; അല്ലെങ്കിൽ കൂടിയ തുക കൊടുക്കാൻ കഴിയില്ല എന്നാണ് ക്ഷേമനിധി ബോർഡിലെ ആളുകൾ പറയുന്നത്. അതുകൂടി പരിഗണിച്ച് വലിയ രീതിയിൽ അപകടം സംഭവിച്ചാൽ അവർക്ക് ഭാവിയിൽ തൊഴിൽപോലും ചെയ്യാൻ കഴിയാത്ത വിധത്തിലായാൽ ആനുകൂല്യം കൂടുതൽ കൊടുക്കാനുള്ള വ്യവസ്ഥ കൊണ്ടുവരുമോ?

ശ്രീ. ബാബു ദിവാകരൻ: അതിനാണ് 2 ശതമാനം കൂടുതലായി പിരിച്ചുകൊണ്ട് ഒരു ആക്സിഡന്റ് ഫണ്ട് രൂപീകരിക്കുന്നത്. Workmen's Compensation-ന്റെ claims സെറ്റിൽ ചെയ്യാൻ വേണ്ടിയാണ്. ആ ഫണ്ടിലേക്ക് ആവശ്യത്തിന് പൈസ പിരിഞ്ഞു കിട്ടുന്നുണ്ട്. രണ്ടു ശതമാനം തുക എല്ലാവരും തരികയാണെങ്കിൽ അതൊരു നല്ല ഫണ്ടായി സ്വരൂപിക്കാൻ കഴിയും. അതിൽനിന്നും തൊഴിലാളികൾക്ക് നല്ല നിലയിലുള്ള കോമ്പൻസേഷൻ കൊടുക്കാൻ കഴിയും. Workmen's Compensation Act-ന്റെ പരിധിക്കപ്പുറത്ത് കടന്ന് അവർക്ക് കോമ്പൻസേഷനും പെൻഷനും കൊടുക്കാനും കഴിയും. പക്ഷേ, രണ്ടു ശതമാനം എന്നുള്ളതു സംബന്ധിച്ച് ചില തർക്കങ്ങൾ ഉണ്ടായിരുന്നു. അതു പരിഹരിച്ചു. ഇപ്പോൾ അതിലേക്ക് ഫണ്ട് വരാൻ തുടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: ചുമട്ടുതൊഴിലാളികളുടെ സേവനം എവിടേയും എപ്പോഴും ആവശ്യമുള്ള ഒരു സ്ഥിതിയാണുള്ളത്. ചുമട്ടുതൊഴിലാളി എവിടെയുണ്ടോ അവിടെ അവർക്ക് ഇരിക്കാനും വിശ്രമിക്കാനും മറ്റു തൊഴിൽമേഖലയിലെ ജീവനക്കാരെപ്പോലെ ആവശ്യക്കാരോട് പെരുമാറ്റം ഉണ്ടാക്കാനുമുള്ള സ്ഥിതിവിശേഷം ഇന്നില്ല. അത് മാതൃകാപരമായി തുടങ്ങാൻ ഈ പദ്ധതിയിലൂടെ എന്തെങ്കിലും പരിപാടിയുണ്ടോ; മാത്രമല്ല, ഇന്ന് ഈ മേഖലയിൽ ധാരാളം ആളുകൾക്ക് മാന്യമായി തൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കാൻ കഴിയും. പക്ഷേ, നിലവിലുള്ള ഈ സ്കീമുകൾ പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടുതൽ തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയുന്ന വിധം ഈ പദ്ധതികൾ ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതോടുകൂടി തൊഴിലാളികൾക്ക് തൊഴിൽ സൗകര്യങ്ങളിലും അവർക്ക് തൊഴിലെടുക്കുന്നതിനുള്ള മറ്റു സാഹചര്യങ്ങളിലുമൊക്കെ മാറ്റം വരുത്താൻ കഴിയും. അതിനുള്ള പല ക്രമീകരണങ്ങളും ഇപ്പോൾ സംഘടിതമേഖലയിൽ നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ തൊഴിലാളികളെ ഈ രംഗത്ത് കൊണ്ടുവരുന്നതിനും കാർഡുകൾ കൊടുക്കുന്നതിനും പുതിയ തൊഴിലാളികളെ എടുക്കുന്നതിനെ സംബന്ധിച്ചും ശക്തമായ ചെറുത്തുനിൽപ്പ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ഇതിന്റെ ക്രമീകരണത്തിൽ ഉണ്ട്. മാന്യമായി തൊഴിൽ ചെയ്യാൻ കഴിയുന്ന കുറച്ചു തൊഴിലാളികൾകൂടി ഈ രംഗത്ത് കടന്നുവരാൻ സാധ്യതയുണ്ട്. അതുകൊണ്ട് ചില പ്രശ്നങ്ങളും ഉണ്ട്. ഇത് പരിമിതപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ചില പ്രദേശങ്ങളിൽ പ്രയാസങ്ങളും ഉണ്ടാകുന്നുണ്ട്. കൂടുതൽ തൊഴിലുള്ളിടത്ത് എണ്ണം വളരെ പരിമിതമാണ്. അതുകൊണ്ട് തൊഴിലിന്റെ കാലതാമസം വരുന്നു. അതിനെക്കുറിച്ച് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: ക്ഷേമനിധിയിൽ ഇപ്പോഴും പല തൊഴിലാളികൾക്കും അംഗങ്ങളാകാൻ കഴിഞ്ഞിട്ടില്ല. സ്കാറ്റേർഡ് മേഖലയിലും അൺ-അറ്റാച്ച്ഡ് മേഖലയിലുമൊക്കെത്തന്നെ തൊഴിലാളികൾക്ക് അംഗങ്ങളാകാൻ കഴിഞ്ഞിട്ടില്ല. അത്തരം തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമോ? അതിനോടനുബന്ധിച്ച് പല കാരണങ്ങൾകൊണ്ട് അംശദായം അടയ്ക്കാൻ തൊഴിലാളികൾക്ക് കഴിയാതെവന്നിട്ടുണ്ട്. ഈ അംശദായം അടയ്ക്കാൻ കഴിയാത്തതുകൊണ്ട് പലപ്പോഴും ക്ഷേമനിധിയിൽനിന്ന് ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതുകൊണ്ട് തൊഴിലാളികൾക്ക് അംഗങ്ങളാകാൻ ഒരവസരം കൊടുക്കുമോ; പല കാരണങ്ങൾകൊണ്ട് അംശദായം അടയ്ക്കാൻ കഴിയാതെപോയ തൊഴിലാളികൾക്ക് അംശദായം അടയ്ക്കാനും ഈ ആനുകൂല്യം ലഭിക്കാനുമുള്ള ഒരവസരമുണ്ടാക്കിക്കൊടുക്കാൻ ഗവണ്മെന്റ് സന്നദ്ധമാകുമോ?

ശ്രീ. ബാബു ദിവാകരൻ: കൂടുതൽ പ്രദേശങ്ങളിൽ attached and unattached scheme വ്യാപിപ്പിക്കുന്നതിനും ഇപ്പോൾത്തന്നെ പല മേഖലകളിലും പുതിയതായി നടപ്പാക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ ഗവണ്മെന്റിന്റെ മുന്നിലുണ്ട്. സ്കാറ്റേർഡ് വിഭാഗത്തിൽ കൂടുതൽ തൊഴിലാളികളെ അംഗങ്ങളാക്കുന്നതിന് ബോർഡ് ഇപ്പോൾ വളരെ തീവ്രമായ ശ്രമം നടത്തുന്നുണ്ട്. അവർക്ക് ആനുകൂല്യം കൊടുക്കുന്നതിന് ചില പരിമിതികൾ ഉണ്ട്. ഏതെങ്കിലും തൊഴിലാളികൾക്ക് അംശദായം അടയ്ക്കാൻ കഴിയാത്തതുകൊണ്ട് ആനുകൂല്യം നഷ്ടപ്പെട്ട കേസുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി: ഇന്ന് സാധനങ്ങൾ പലതും 100 കിലോഗ്രാം വീതമാണ് ചാക്കുകളിൽ നിറച്ചുവരുന്നത്. പലപ്പോഴും ഒട്ടേറെ അപകടങ്ങളുണ്ടാകുന്ന സാഹചര്യങ്ങൾമൂലം തൊഴിലാളികൾ വളരെയേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ട് ഏറ്റവും കൂടിയ ഭാരം 50 കിലോഗ്രാമിൽ തിട്ടപ്പെടുത്തുന്നതിനും മറ്റു ചില സംസ്ഥാനങ്ങളിലെ തൊഴിൽ വകുപ്പുമന്ത്രിമാരുമായും മറ്റും ചർച്ച ചെയ്ത് മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്ന സാധനങ്ങൾകൂടി ഇതേരീതിയിൽ 50 കിലോഗ്രാമിൽ പരിമിതപ്പെടുത്താനുമാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. നമ്മുടെ നാട്ടിൽ ഇപ്പോഴും International Labour Organisation-ന്റെ international standard അനുസരിച്ച് 50 കിലോഗ്രാമിൽ കൂടുതൽ ഒരു സാധനം തലയിൽ ചുമക്കാൻ പാടില്ലെന്നാണ്. എല്ലായിടത്തും അത് കർശനമായി നടപ്പാക്കാൻ കഴിയണം. പാക്കിംഗ് നടത്തുന്ന സമയത്തുതന്നെ തലച്ചുമടായി എടുക്കേണ്ട ഒരു സാധനവും 50 കിലോഗ്രാമിൽ കൂടുതൽ പാക്ക് ചെയ്യാൻ പാടില്ല എന്നാണ്. കേരളത്തിലും നമ്മളത് വളരെ നിർബന്ധപൂർവ്വം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഏതെങ്കിലും പ്രദേശത്ത് അങ്ങനെ 50 കിലോഗ്രാമിൽ കൂടുതലുള്ള പാക്ക്ഡ് സാധനങ്ങൾ കയറ്റുന്നതായി ശ്രദ്ധയിൽ കൊണ്ടുവന്നാൽ അങ്ങനെ ജോലിയെടുപ്പിക്കുന്ന തൊഴിലുടമയ്ക്കെതിരായി നടപടിയെടുക്കാൻ വരെ കഴിയും, അത് കർശനമായി നടപ്പാക്കുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകളിൽ ബഹുമാനപ്പെട്ട കോടതികളുടേയും മറ്റും ഇടപെടൽമൂലം തൊഴിൽ സംഘർഷവും തൊഴിൽരാഹിത്യവും അനുഭവപ്പെടുകയാണ്. ഇത്തരം നടപടികൾ പരിഹരിക്കാൻ, തൊഴിൽ ഉറപ്പുവരുത്താൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: കോടതിയുടെ ഇടപെടലുകളെ സംബന്ധിച്ചൊക്കെ ഞാൻ മുമ്പുപറഞ്ഞു. പ്രത്യേകിച്ചും ഹൈക്കോടതിയിൽ ഇങ്ങനെ വരുന്ന ഏതു കേസ് ആയാലും ശരി ഈ ബോർഡിന്റേയും ലേബർ വകുപ്പിന്റേയും സ്റ്റാൻഡിംഗ് കൗൺസിൽ കൂടി കേട്ടതിനുശേഷം ഒരു തീരുമാനമെടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കും. അതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. കോടതിയുടെ ഇടപെടൽ പരമാവധി ഈ നിയമത്തിന്റെ വ്യവസ്ഥകൾ തെറ്റായി interpret ചെയ്യാനോ അങ്ങനെ ഏതെങ്കിലും തരത്തിൽ കോടതിവിധി വാങ്ങുന്നതിനോ ശ്രമിക്കുന്നതിൽ നിന്നും തടയുന്നതിനുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എ. കെ. മണി: ശ്രീ. കെ. സി. ജോസഫിന്റെ ചോദ്യത്തിന് പ്രതിപക്ഷത്തുനിന്നും ശക്തമായ എതിർപ്പുണ്ടായി. അവർക്കുമാത്രമേ തൊഴിലാളി സ്നേഹമുള്ളൂ. ഞാൻ ഈ മേഖലയിൽനിന്നും വരുന്ന ആളാണ്. തൊഴിലാളി പ്രവർത്തകനാണ്. ഈ ആക്ട് വന്നതുകൊണ്ട് ഈ മേഖലയിൽ വളരെയധികം പരിഷ്ക്കാരമുണ്ടായിട്ടുണ്ട്. പിന്നെ ഇവരുടെ ജീവിതനിലവാരം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ഒരു പോരായ്മ ഇപ്പോഴുമുണ്ട്. ബോർഡിൽ ഈ ജോലിയുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വ്യക്തിപോലുമില്ല. അവരുടെ ജീവിതത്തെപ്പറ്റി, ഇപ്പോൾ തോട്ടം മേഖലയാണെങ്കിൽ എനിക്ക് തോട്ടം മേഖലയെപ്പറ്റി അറിയാം. നേതാക്കളുടെ കാര്യമല്ല,

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കളുടെ കാര്യമാണെങ്കിൽ അദ്ദേഹം പറഞ്ഞതുപോലെ 'കില' യിൽ അയച്ചു ട്രെയിനിംഗ് കിട്ടേണ്ടതാണ്. അതല്ല, ഇവിടെ ആ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ചുമട്ടുതൊഴിലാളിപോലും ഈ ബോർഡിലില്ലെന്നുള്ളതാണ്, അത് ഭംഗിയാകില്ല. ചുമട്ടുതൊഴിലാളിയെപ്പറ്റിയുള്ള മോഹൻലാലിന്റെ ചിത്രം കണ്ടിട്ടുണ്ടാകും. അതുപോലെയല്ല, ഇത് വളരെയധികം മാറ്റമുണ്ട്. വളരെയധികം പരിഷ്ക്കാരത്തിന്റെ ആവശ്യമുണ്ട്. എന്റെ ചോദ്യം ഈ ബോർഡിൽ ഒരു ചുമട്ടുതൊഴിലാളിയെങ്കിലും ഏതെങ്കിലും സംഘടനയിൽ നിന്നുമുണ്ടാകണം. അതുമാത്രമല്ല വളരെയധികം ചുമട്ടുതൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലത്താണ് രാത്രി കിടപ്പും ഉറക്കവുമെല്ലാം. അങ്ങനെയുള്ള തൊഴിലാളികൾക്ക് വീടുവയ്ക്കാനുള്ള പ്രത്യേക പദ്ധതി ഗവൺമെന്റ് രൂപീകരിച്ച് ഈ തൊഴിലാളികളുടെ ജീവിതനിലവാരം കുടുംബപരമായി മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ചുമട്ടുതൊഴിലാളികളുടെ ജീവിതനിലവാരം വളരെയധികം ഉയർന്നിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ചുമട്ടുതൊഴിലെടുക്കുന്നവർ പഞ്ചായത്തു പ്രസിഡന്റുമാരായിട്ടുണ്ട്. 35-ലധികം പഞ്ചായത്തുമെമ്പർമാർ ഇപ്പോഴും തൊഴിലെടുക്കുന്ന ചുമട്ടുതൊഴിലാളികളായുണ്ട്. ഈ അടുത്തദിവസം ഞാൻ ഒരു മീറ്റിംഗിനുപോയപ്പോൾ ആ യോഗത്തിൽ അധ്യക്ഷത വഹിച്ചത് ആ മേഖലയിൽ ചുമടെടുക്കുന്ന, അന്നും പണിയെടുത്ത ചുമട്ടുതൊഴിലാളിയായ പഞ്ചായത്തു പ്രസിഡന്റാണ്. അതുകൊണ്ട് അതുപറയുന്നത് ശരിയല്ല. ചുമട്ടുതൊഴിലാളികൾ ഇന്ന് സമൂഹത്തിൽ ഏറ്റവും ഉയർന്നുവന്നുകൊണ്ടിരിക്കുന്ന നല്ലൊരു വിഭാഗമാണ്. അങ്ങു പറഞ്ഞതുപോലെ ആ ബോർഡിൽ അംഗങ്ങളായിട്ടുള്ളവരെല്ലാം ചുമട്ടുതൊഴിലാളി യൂണിയനുകളുടെ നേതാക്കന്മാർ തന്നെയാണ്. 5 തൊഴിലുടമാ പ്രതിനിധികളും ചുമട്ടുതൊഴിലാളി മേഖലയിൽ പണിയെടുക്കുന്ന യൂണിയൻ നേതാക്കന്മാർ തന്നെയാണ്. ഏതെങ്കിലും പ്രത്യേക കേസ് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 478.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

*2 [478] *ശ്രീ. എൻ. രാജൻ:*

„ *ബിനോയ് വിശ്വം:*

„ *പി. എസ്. സുപാൽ:*

„ *മാങ്കോട് രാധകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly